LIBRARY ARCHIVES Kerala Legislative Assembly

ഫ്ലോറിന്റെ ബീം ലെവൽ വരെ ഭിത്തിയുടെ പണി പൂർത്തിയായിട്ടുണ്ട്. ഷട്ടറിംഗ് വർക്കും പൂർത്തിയായിട്ടുണ്ട്. ഇതുവരെ ഏകദേശം 35% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം അതിവേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കെട്ടിട നിർമ്മാണം ത്വരിതപ്പെടുത്താൻ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

പട്ടികജാതി ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം

78(823) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല ശ്രീനിവാസപുരം പട്ടികജാതി ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ള സ്ഥലത്തുകൂടി കടന്നുപോകുന്ന കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കാൻ വാട്ടർ അതോറിറ്റി നൽകിയ എസ്റ്റിമേറ്റിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ 27-8-2021-ലെ റ്റി1-25673/2017-ാം നമ്പർ കത്ത് പ്രകാരം സർക്കാരിൽ സമർപ്പിച്ച കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ, 38,59,657/-രൂപയുള്ള എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്

79(824) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്കുവേണ്ടി ഏതൊക്കെ വകുപ്പുകളിലാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്കുവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിവരുന്നു. സംസ്ഥാനത്തെ 89 വകുപ്പുകളിലെയും ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് കാറ്റഗറികളിലെ ഇവരുടെ പ്രാതിനിധ്യം

LIBRARY ARCHIVES Kerala Legislative Assembly

കണ്ടെത്താനായി-എസ്.സി./എസ്.ടി. വിഭാഗത്തിൽ 8 ശതമാനവും എസ്.ടി. വിഭാഗത്തിൽ 2 ശതമാനവും ഉൾപ്പെടെ ആകെ 10% പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി - 89 വകുപ്പുകളിലും വാർഷിക അവലോകനം നടത്തിവരുന്നുണ്ട്. ഗസറ്റഡ്/ നോൺ ഗസറ്റഡ്/ലാസ്റ്റ് ഗ്രേഡ് കാറ്റഗറികളിൽ പ്രാതിനിധ്യക്കുറവ് കണ്ടെത്തുന്ന പക്ഷം എസ്.സി./എസ്.ടി. വിഭാഗത്തിലും എസ്.ടി. വിഭാഗത്തിലുമായി കുറവ് പരിഹരിക്കുന്നതിനുള്ള തസ്തികകൾ കണ്ടെത്തി സംവരണം ചെയ്ത് നൽകുകയും അതിനനുസരിച്ച് നിയമന നടപടികൾ സ്വീകരിച്ച് പട്ടികവർഗ്ഗ വിഭാഗത്തിന്റെ പ്രാതിനിധ്യം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

വാമനപുരം നിയോജകമണ്ഡലത്തിൽ പട്ടികജാതി വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധി

80(825) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 2016-17 മുതൽ 2020-21 വരെ എത്ര പേർക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 2016-17 മുതൽ 2020-21 വരെ 509 പേർക്ക് 66,69,263/- രൂപ (അറുപത്തി ആറു ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി ഇരുന്നൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത തുക അനുവദിച്ചതിന്റെ പഞ്ചായത്തടിസ്ഥാനത്തിലുള്ള വിശദാംശം നൽകാമോ?

പഞ്ചായത്തടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത്	ഗുണഭോക്താക്കളുടെ എണ്ണം	അനുവദിച്ച തുക
(1)	(2)	(3)
പുല്ലമ്പാറ	168	1633500
വാമനപുരം	52	802500